**പ്രത്യേക ശ്രദ്ധയ്ക്ക്**

**സ്പെഷ്യൽ റൂൾസ്**

ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,
തിരുവനന്തപുരം,

നം.ജി. 4249/2000/ഡിഇഎസ് തീയതി: 06/09/2011

**പരിപത്രം**

വിഷയം:- സ്പെഷ്യൽ റൂൾസ് – എൻ.ജി.ഒ. കേഡറിലുള്ള ജീവനക്കാർക്ക് അക്കൗണ്ട് ടെസ്റ്റ് പാസ്സാകാനുള്ള സമയപരിധി 20-02-2012-ൽ അവസാനിക്കുന്ന വിവരം അറിയിക്കുന്നത് – സംബന്ധിച്ച്.

സൂചന:-
1) ഗവൺമെന്റ് ഉത്തരവ് (പി) 9/09/Plg തീയതി 20-02-2009.
2) ഗവൺമെന്റ് ഉത്തരവ് (പി) 40/09/Plg തീയതി 28-10-2009.
3) ഗവൺമെന്റ് ഉത്തരവ് (സാധാ) നം.182/11/Plg തീയതി 20-06-2011.

മേൽ സൂചന (1) പ്രകാരം 20-02-2009-ൽ ഈ വകുപ്പിലെ എൻ.ജി.ഒ. കേഡറിൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾസ് പ്രകാരം കാറ്റഗറി 4 – സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ൽ നിന്നും കാറ്റഗറി 3 – സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തികയിലേക്കുള്ള പ്രമോഷന് അക്കൗണ്ട് ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധന നിലവിൽ വന്നിരുന്നു. എന്നാൽ സൂചന (2) പ്രകാരമുള്ള ഗവൺമെന്റ് ഉത്തരവിൽ ഈ വകുപ്പിലെ കാറ്റഗറി 3, 4 എന്നീ വിഭാഗങ്ങളിലുള്ള ജീവനക്കാർക്ക് അക്കൗണ്ട് ടെസ്റ്റ് പാസ്സാകാനുള്ള സമയപരിധി 20-02-2011 വരെ ദീർഘിപ്പിച്ചുകൊണ്ടും, 20-02-2011-നകം അക്കൗണ്ട് ടെസ്റ്റ് പാസ്സാകാത്ത ജീവനക്കാരെ തരം താഴ്ത്താനും ഉത്തരവായിരുന്നു. എന്നാൽ വകുപ്പിലെ കാറ്റഗറി 3, 4 എന്നീ തസ്തികകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാരിൽ കുറെയധികം പേർ വിവിധ കാരണങ്ങളാൽ അക്കൗണ്ട് ടെസ്റ്റ് പാസ്സാകാത്തതിനാൽ, വകുപ്പിലെ സംഘടനകളുടെയും, വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, കാറ്റഗറി 3, കാറ്റഗറി 4 എന്നീ തസ്തികകളിൽ വകുപ്പിൽ ഇപ്പോൾ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് അക്കൗണ്ട് ടെസ്റ്റ് പാസ്സാകുന്നതിന് ഒരു വർഷത്തേക്ക് കൂടി (20-02-2012 വരെ) ഇളവ് അനുവദിച്ചുകൊണ്ട് സൂചന (3) പ്രകാരം ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ (20-02-2012-ന് മുമ്പ്) ബന്ധപ്പെട്ട ജീവനക്കാർ ടെസ്റ്റ് പാസ്സാകാത്ത പക്ഷം ഇവരെ റിവർട്ട് ചെയ്യുന്നതുമാണ്.

അക്കൗണ്ട് ടെസ്റ്റ് ഇനിയും പാസ്സാകാത്ത ജീവനക്കാർക്ക് ഇനിയുള്ള ഏക അവസരം 1/12 ൽ പി.എസ്.സി നടത്താനിരിക്കുന്ന ഡിപ്പാർട്ട്മെന്റ്തല പരീക്ഷ മാത്രമാണ്. ആയതിനാൽ ഗവൺമെന്റ് ഉത്തരവിലെ നിർദ്ദേശങ്ങൾ അത്യന്തം ഗൗരവമായി വകുപ്പിലെ ടെസ്റ്റ് പാസ്സാകാത്ത ഓരോ ജീവനക്കാരനും കാണേണ്ടതും ടെസ്റ്റ് പാസ്സാകാനുള്ള ആത്മാർത്ഥമായ പരിശ്രമം നടത്തേണ്ടതുമാണ്. ഈ വിവരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ അതാതു ജില്ലയിലെ ജില്ലാ ആഫീസ്, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്, മറ്റ് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരെയും അറിയിക്കേണ്ടതാണ്. സൂചന (3) ഗവ: ഉത്തരവിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വി. രാമചന്ദ്രൻ
ഡയറക്ടർ

പകർപ്പ്:-
1) ഡയറക്ടറുടെ സി.എ.
2) അഡീഷണൽ ഡയറക്ടർമാരുടെ സി.എ.
3) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
4) ഡെപ്യൂട്ടി ഡയറക്ടർ (കമ്പ്യൂട്ടർ ഡിവിഷൻ)
[സർക്കുലർ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്].
5) എല്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്കും / സീനിയർ സൂപ്രണ്ടുമാർക്കും.
6) ബന്ധപ്പെട്ട ജീവനക്കാര്യ സെക്ഷനുകൾ.
7) നോട്ടീസ് ബോർഡ് (ഡി.ഇ.എസ്)

VS/7/9

1085.

# കേരള സർക്കാർ

## സംഗ്രഹം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് - ജീവനക്കാര്യം - സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ കാറ്റഗറി 3,4 തസ്തികകളിലെ ജീവനക്കാർക്ക് അക്കൗണ്ട് ടെസ്റ്റ് പാസ്സാകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ)നം: 182/2011/പ്ലാനിംഗ്. തീയതി, തിരുവനന്തപുരം, 20-06-2011.

================================================================

പരാമർശം :- 1. 20-02-2009-ലെ ജി.ഒ.(പി)നം:09/09/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.
2. 28-10-2009-ലെ ജി.ഒ.(പി)നം:40/09/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.
3. ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ടെക്നിക്കൽ ഓർഗനൈസേഷൻ ജനറൽ സെക്രട്ടറിയുടെ 09-11-2010-ലെ നിവേദനം.
4. കേരള എൻ.ജി.ഒ.സംഘ് ജനറൽ സെക്രട്ടറിയുടെ 18-11-2010-ലെ നിവേദനം.
5. 17-12-2010-ലെ ജി 4249/2000/ഡിഇഎസ് നമ്പരിലുള്ള സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ കത്ത്.
6. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ എ VIII (2) 13095/08/GW നമ്പരിലുള്ള 12-05-2011-ലെ കത്ത്.

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സ്റ്റാറ്റിസ്റ്റിക്സ് &ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പരിഷ്കരിച്ചപ്പോൾ കാറ്റഗറി 4 -ലുള്ള സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - II/ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് - II/ തുടങ്ങിയ തസ്തികകളിൽ നിന്നും കാറ്റഗറി 3-ലുള്ള ഗ്രേഡ് I തസ്തികകളിലേക്കുള്ള പ്രൊമോഷന് അക്കൗണ്ട് ടെസ്റ്റ് പാസ്സാകണമെന്ന് നിഷ്കർച്ചിട്ടുണ്ട്. പ്രസ്തുത യോഗ്യത നേടുന്നതിനായി 2 വർഷം അനുവദിച്ചുകൊണ്ടുള്ള പരാമർശം (2)ലെ ഉത്തരവ് മിക്ക ജീവനക്കാർക്കും യഥാസമയം ലഭിച്ചിരുന്നില്ല എന്നും പലർക്കും നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത യോഗ്യത നേടാനുള്ള അവസരം ലഭിച്ചിരുന്നില്ല എന്നും ആയതിനാൽ നിലവിലുള്ള ജീവനക്കാർക്ക് അക്കൗണ്ട് ടെസ്റ്റ് പാസ്സാകുന്നതിനുള്ള കാലാവധി 20-02-2011-ൽ നിന്നും ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം 3, 4 നിവേദനങ്ങളിലൂടെ സർവ്വീസ് സംഘടനകൾ ആവശ്യപ്പെട്ടിരുന്നു.

2) 20-02-2009-നു മുമ്പ് കാറ്റഗറി 4 ൽ സർവ്വീസിൽ പ്രവേശിച്ചവരും കാറ്റഗറി 3-ൽ സർവ്വീസിൽ തുടരുന്നവരുമായ മുഴുവൻ ജീവനക്കാർക്കും ടെസ്റ്റ് പാസ്സാകുന്നതിനുള്ള സമയപരിധി 2 വർഷം കൂടി (20-02-2013 വരെ) ദീർഘിപ്പിക്കണമെന്നും 20-02-2013-നകം ടെസ്റ്റ് പാസ്സായിട്ടില്ലെങ്കിൽ ടെസ്റ്റ് പാസ്സാകാത്ത ജീവനക്കാരെ 20-02-2009-ൽ അവർ ജോലി ചെയ്തിരുന്ന തസ്തികകളിലേക്ക് തരംതാഴ്ത്തണമെന്നും പരാമർശം 5-ലെ കത്തു പ്രകാരം സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. അക്കൗണ്ട് ടെസ്റ്റ് പാസ്സാകുവാൻ രണ്ട് വർഷത്തേക്കു കൂടി ഇളവ് അനുവദിച്ച് അടിയന്തിരമായി ഒരു എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്നതിനും പിന്നാലെ വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം സർക്കാർ ആരായുകയും ഗവൺമെന്റ് നിർദ്ദേശം കമ്മീഷൻ അംഗീകരിച്ചതായി പരാമർശം (6) മുഖേന സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

3) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടേയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ കാറ്റഗറി 3, 4 തസ്തികകളിൽ നിലവിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് അക്കൗണ്ട് ടെസ്റ്റ് പാസ്സാകുന്നതിന് ഒരു വർഷത്തേക്ക് കൂടി (20-02-2012 വരെ) ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

4) മേല്പറഞ്ഞ സമയപരിധിക്കുള്ളിൽ (20-02-2012-ന് മുമ്പ്) ബന്ധപ്പെട്ട ജീവനക്കാർ ടെസ്റ്റ് പാസ്സാകാത്ത പക്ഷം ഇവരെ റിവർട്ട് ചെയ്യുന്നതാണ്.

5) മേൽപ്പറഞ്ഞ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതും ഇതു സംബന്ധിച്ച് S.R.O വിജ്ഞാപനം പിന്നീട് പുറപ്പെടുവിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**(സുബ്രത ബിശ്വാസ്)**
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. ജനറൽ സെക്രട്ടറി, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ടെക്നിക്കൽ ഓർഗനൈസേഷൻ.
6. ജനറൽ സെക്രട്ടറി, കേരള എൻ.ജി.ഒ.സംഘ്.
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം,**

Beenamol

**സെക്ഷൻ ഓഫീസർ**